**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4910** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ വിദ്യാഭ്യാഭ്യാസ മോണിട്ടറിംഗ് കമ്മിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഹരിപ്പാട് നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി 2017-18 കാലയളവിൽ രൂപീകരിച്ച വിദ്യാഭ്യാസ മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | ഹരിപ്പാട് നിയോജകമണ്ഡലത്തിലെ എല്ലാ ഹൈസ്കൂൾ, യു.പി സ്കൂൾ, എൽ.പി സ്കൂൾ എന്നിവയുടെ സമഗ്ര വികസനത്തിനായി ഹരിപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതായും, ഇതിന്റെ ഭാഗമായി പ്രഥമാദ്ധ്യാപകരുടെയും, സ്കൂൾ മാനേജ് മെന്റ് പ്രതിനിധികളുടെയും ഒരു യോഗം ചേർന്നിരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും കൂടുതൽ പ്രവർത്തനങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിലവിൽ ഹരിപ്പാട് നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന സ്കൂളുകളിൽ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. |

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ജി.യു.പി.എസ് വഴുതാനം | 1 കോടി രൂപ |
| 2 | ജി.യു.പി.എസ് ഹരിപ്പാട് | 96 ലക്ഷം |
| 3 | ജി.യു.പി.എസ് നങ്ങ്യാർകുളങ്ങര | 3 കോടി |
| 4 | ജി.എൽ.പി.എസ് കമാരപുരം നോർത്ത്, കരുവാറ്റ | 82 ലക്ഷം |
| 5 | ജി.യു.പി.എസ് എരിക്കാവ് | 1 കോടി രൂപ |
| 6 | ജി.ബി.എച്ച്.എസ്. ഹരിപ്പാട് | 1 കോടി രൂപ |
| 7 | ജി.എച്ച്.എസ്.എസ് മംഗലം | 3 കോടി 90 ലക്ഷം രൂപ (എം.എൽ.എ ഫണ്ട്) |
| 8 | ജി.യു.പി.എസ് കാർത്തികപ്പള്ളി | 1 കോടി രൂപ |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിനായി പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) | **നിലവിൽ പരിഗണനയിലില്ല.** |

സെക്ഷൻ ഓഫീസർ